# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4638** **25.06.2019-ൽ മറുപടിയ്ക്ക്**

## പനച്ചമൂട്, പൂഴനാട് ചന്തകളുടെ നവീകരണം

| | ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|---|
| എ) | പനച്ചമൂട്, പൂഴനാട് എന്നീ ചന്തകൾ നവീകരിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പനച്ചമൂട് മത്സ്യമാർക്കറ്റ് കിഫ്ബി ഫണ്ടായ 5 കോടി ഉപയോഗിച്ച് നവീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി സ്ഥലം സന്ദർശിച്ച് പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കി വരുന്നു. പൂഴനാട് മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി പദ്ധതി യൊന്നും തയ്യാറാക്കിയിട്ടില്ല |
| ബി) | പദ്ധതികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും ആയതിന്റെ നടത്തിപ്പിനായി ഏതെങ്കിലും എസ്.പി.വി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | ബി) | മത്സ്യമാർക്കറ്റ് നിർമ്മാണ പ്രവൃത്തിയുടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി സൈറ്റിൽ അപ്‌ലോഡ് ചെയ്ത് കഴിഞ്ഞാൽ കിഫ്ബി അധികൃതർ പദ്ധതി പ്രദേശം സന്ദർശിച്ച് സാധ്യതാ പഠനം നടത്തിയതിനു ശേഷം ഓരോ പദ്ധതിക്കും ഭരണാനുമതി നൽകുന്നു. കിഫ്ബിയുടെ ഭരണാനുമതി ലഭ്യമായാൽ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് ഫിഷറീസ്, ഹാർബർ എഞ്ചിനിയറിംഗ് വകുപ്പുകളുടെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയി ചുമതല പ്പെടുത്തിയിട്ടുള്ളത്. |
| സി) | പദ്ധതിപ്രകാരം പ്രസ്തുത ചന്തകളിൽ എന്തെല്ലാം ആധുനികസജ്ജീകരണങ്ങളാണ് ഒരുക്കി നൽകുന്നതെന്ന് അറിയിക്കാമോ? | സി) | മത്സ്യമാർക്കറ്റ് സന്ദർശിച്ച് എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കി വരുന്നു. ടി പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ആയത് പൂർത്തീകരിച്ചശേഷം മാത്രമേ പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |



**സെക്ഷൻ ആഫീസർ**